(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കൊല്ലം ജില്ല :

ഓച്ചിറ സർവ്വീസ് സഹകരണ ബാങ്ക്-സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടന്നുവരുന്നു.

പത്തനംതിട്ട ജില്ല :

കൂടൽ സർവ്വീസ് സഹകരണ ബാങ്ക്-അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ പോലീസ് ചീഫിനോട് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ല :

പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്-സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു.

സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി

78 (2316) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ആദായനികുതി വകുപ്പ് സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) കേരളത്തിലെ സഹകരണ മേഖലയുടെ ശക്തി ക്ഷയിപ്പിക്കുവാനും തകർക്കുവാനുമുള്ള ഈ നീക്കത്തിനെതിരെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം നൽകിയത് ;

(സി) നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിവേദനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ മറുപടി എന്താണെന്ന് വ്യക്തമാക്കുമോ ; മറുപടി കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് (6) പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആദായനികുതി വകുപ്പ് സഹകരണ സംഘങ്ങളോട് ആരാഞ്ഞിട്ടുള്ളതും ഈ പ്രക്രിയ സുഗമമാക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദായനികുതി വകുപ്പ് നിക്ഷേപകരുടെ പൊതുവായ വിവരങ്ങൾ ആരായുന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ട്. വകുപ്പുമന്ത്രി 3-12-2013-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-6-2014, 21-10-2014 എന്നീ തീയതികളിലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർക്ക് കത്തയച്ചിരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ സ്ഥിര നിക്ഷേപമുള്ളവരുടെയും 10,000 രൂപയ്ക്ക് മുകളിൽ വാർഷിക പലിശ കൈപ്പറ്റുന്നവരുടെയും വിവരങ്ങളാണ് ഇൻകം ടാക്സ് വകുപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നത്. ആയത് യഥാക്രമം 10 ലക്ഷം രൂപയായും 30,000 രൂപയായും പരിധി വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്.

(ഡി) കേരളത്തിൽ നിന്നുള്ള നിരന്തരമായ അഭ്യർത്ഥനമാനിച്ചു കൊണ്ട് 2 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ഇൻകം ടാക്സ് വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കുകയും 2 ലക്ഷം രൂപ എന്ന പരിധി 5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും ഇനിയും നിക്ഷേപ പരിധി 10 ലക്ഷം രൂപയായും പലിശ പരിധി 30,000 രൂപയായും വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം

79 (2317) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്മ സ്റ്റോറുകളിൽ സബ്സിഡി ഇല്ലാത്തതും ഉപഭോക്താവിന് ആവശ്യമില്ലാത്തതുമായ വസ്തുക്കൾ വാങ്ങാൻ നിർബന്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിനാൽ നൻമ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾ അകന്നു പോവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ഡി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly